LIBRARY ARCHIVES Kerala Legislative Assembly

## ഫാം ടൂറിസം

163 (5890) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ ടൂറിസവുമായി ബന്ധപ്പെടുത്തി ഫാം ടൂറിസത്തിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഫാം ടൂറിസം പദ്ധതിയിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഇതിനകം അംഗീകാരം നൽകിയിട്ടുള്ളത്;

(സി) ഈ പദ്ധതികൾക്ക് നൽകിവരുന്ന പ്രോത്സാഹനങ്ങൾ എന്തൊക്കെയാണ്;

(ഡി) ഫാം ടൂറിസം പ്രോജക്ടുകൾക്കുവേണ്ടി തയ്യാറാകുന്ന കർഷകർക്ക് സർക്കാർ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഇ) ഫാം ടൂറിസം സെന്ററുകൾ സജ്ജീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഫാം ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രീൻ ഫാം കേരള പദ്ധതി ടൂറിസം വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ വയനാട് ജില്ലയിലെ പഞ്ചാരകൊല്ലിയിൽ പ്രിയദർശിനി ടീ എൻവയോൺമെൻസ് എന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(സി) ഫാം ടൂറിസം നടപ്പാക്കുന്നതിനായി പ്രത്യേക പ്രോത്സാഹന പദ്ധതി നിലവിലില്ല.

(ഡി) നിലവിൽ പരിഗണനയിലില്ല.

(ഇ) പരിശോധിക്കാവുന്നതാണ്.

## വേളി ടൂറിസ്റ്റ് വില്ലേജിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

164 (5891) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വകുപ്പുകൾ തമ്മിലുളള ഏകോപനം സാധ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

ഉത്തരം

വേളി ടൂറിസ്റ്റ് വില്ലേജിന്റെ പ്രവർത്തനവും മേൽനോട്ടവും ടൂറിസം വകുപ്പ് നേരിട്ടാണ് നിർവ്വഹിക്കുന്നത്. നിലവിൽ ഇവിടത്തെ പ്രവർത്തനം കാര്യക്ഷമമായ രീതിയിലാണ് നടന്നു വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5 ടൂറിസം പ്രവൃത്തികൾക്ക് വേളിയിൽ അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ നടപ്പാക്കുമ്പോൾ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ സമയത്ത് ബന്ധപ്പെട്ട വകുപ്പുകളുടെ മീറ്റിംഗ് വിളിച്ച് ചർച്ച ചെയ്ത് വിഷയങ്ങൾ പരിഹരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്.

**പൈതൃക ടൂറിസം പദ്ധതി**

165 (5892) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക ടൂറിസം പദ്ധതി എന്നത് എന്താണെന്ന് വിശദമാക്കുമോ;

(ബി) പുരാതന സ്പൈസ് റൂട്ട് പുനരുദ്ധാരണത്തിനുള്ള പദ്ധതിയിൽ പങ്കാളിയാകുന്നത് കേരളാ ടൂറിസത്തിന് ഏതൊക്കെ തരത്തിൽ മുതൽ കൂട്ടാകുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചരിത്രപ്രധാന്യം മനസ്സിലാക്കി നിരവധി ചരിത്രസ്മാരകങ്ങളെയും ചരിത്ര പ്രാധാന്യമുള്ള പ്രദേശങ്ങളെയും ബന്ധിപ്പിച്ച് ചരിത്രത്തിന്റെ ഒരു നേർകാഴ്ച വിനോദസഞ്ചാരികൾക്ക് പകർന്നു നൽകുക എന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പൈതൃക ടൂറിസം പദ്ധതി.

(ബി) ഏകദേശം 3000 ബി.സി. മുതൽ പ്രാചീന രേഖകളിൽ പരാമർശിച്ച തുറമുഖങ്ങളും ലോകത്തിലെ അന്ന് അറിയപ്പെടുന്ന സംസ്കാര സംപുഷ്ടമായ രാജ്യങ്ങളുമായിട്ടാണ് കേരളത്തിന്റെ വ്യാപാരം. ഇവയിൽ അധികവും